**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3620** **27-06-2024 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണത്തിന് കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായത് എപ്പോഴാണെന്ന് അറിയിക്കാമോ; | (എ) | പദ്ധതി നിർവ്വഹണ ഏജൻസി ആയ KITCO സമർപ്പിച്ച പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ പെരിങ്ങോം ഗവൺമെന്റ് കോളേജിൽ നിലവിലുള്ള അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നതിനായി 09/03/2021 -ൽ 9.27 കോടി രൂപയുടെ കിഫ്‌ബി സാമ്പത്തിക അനുമതി ലഭിച്ചു. |
| (ബി) | പ്രസ്തുത ധനാനുമതി ലഭ്യമായി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നത് നിലവിലുള്ള കെട്ടിടത്തിന്റെ സുരക്ഷിതത്വത്തെ ബാധിക്കാൻ സാധ്യതയുള്ളതിനാൽ നിർമ്മാണ പ്രവർത്തി ആരംഭിച്ചില്ല. തുടർന്ന് ഇക്കാര്യം ചർച്ച ചെയ്യാനായി കിഫ്‌ബി, പദ്ധതി നിർവ്വഹണ ഏജൻസി എന്നിവരുടെ സംയുക്ത യോഗം വിളിച്ച് കോളേജ് ക്യാമ്പസിൽ മറ്റെവിടെയെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിന് KITCO യ്ക്ക് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ കിഫ്‌ബിയുടെയും KITCOയുടെയും കോളേജ് അധികൃതരുടെയും സംയുക്ത പരിശോധനയിൽ കെട്ടിട നിർമ്മാണത്തിനായുള്ള ഭൂമി കണ്ടെത്തുകയും ടി പ്രദേശത്ത് മണ്ണ് പരിശോധന പൂർത്തിയാക്കുകയും ചെയ്തു. നിലവിൽ പദ്ധതി നിർവ്വഹണ ഏജൻസി ആയ KITCO പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കി വരികയാണ്. ടി പദ്ധതി രൂപരേഖയ്ക്ക് കിഫ്‌ബി അംഗീകാരം ലഭ്യമാക്കിയ ശേഷം ടെൻഡർ നടപടികൾ നടത്തുന്നതും കെട്ടിട നിർമ്മാണം ആരംഭിക്കുന്നതുമാണ്. |
| (സി) | നിർവ്വഹണ ഏജൻസിയായ കിറ്റ്കോയുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന പോരായ്മ കാരണമാണ് പ്രവൃത്തി തുടങ്ങാൻ കഴിയാത്തത് എന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കാമോ; | (സി) | മറുപടി ബി പിരിവിൽ ചേർത്തിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഡി) | സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് വ്യക്തമാക്കാമോ? | (ഡി) | മറുപടി ബി പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ